**<u>ക്ഷീരവികസന വകുപ്പ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം</u>**

**ഹാജർ : സുപിൻ വി. കെ.എ.എസ്.**

ക്ഷീരവികസന വകുപ്പ് - ഡയറക്ടറേറ്റ് - ജീവനക്കാര്യം - ശ്രീ. സുനിൽകുമാർ റ്റി.എസ്. (പെൻ. 353405), ലാബ് അസിസ്റ്റന്റ്, ഗുണനിയന്ത്രണ കാര്യാലയം, കൊല്ലം -നെ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല പാൽ പരിശോധനാ ചെക്ക് പോസ്റ്റിലേക്ക് സ്ഥലംമാറ്റി നൽകി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ക്ഷീരവികസന വകുപ്പ്

നം.DDDKER/591/2024-E1 തിരുവനന്തപുരം,തീയതി: 24-07-2024

---

പരാമർശം:- 1. ഈ കാര്യാലയത്തിൽ നിന്നുള്ള 09.07.2024 ലെ DDDKER/591/2024-E1 നമ്പർ ഉത്തരവ്.

2. ക്ഷീരവികസന വകുപ്പ് കൊല്ലം ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 06.07.2024 ലെ DDKLM/784/2024-A4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മേൽസൂചന (1) പ്രകാരം വകുപ്പിലെ 2 ലാബ് അസിസ്റ്റന്റുമാർക്ക് സ്പെഷ്യൽ റൂൾസിന് വിധേയമായി ലാബ് ടെക്നീഷ്യനായി ബൈ-ട്രാൻസ്ഫർ നിയമനം നൽകിയ മുറയ്ക്ക് തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല പാൽ പരിശോധനാ ചെക്ക് പോസ്റ്റിൽ ഒരു ലാബ് അസിസ്റ്റന്റ് ഒഴിവ് വന്നിട്ടുണ്ട്. മേൽപരാമർശം (2) ലെ കത്ത് പ്രകാരം ടി ഒഴിവിലേക്ക് സ്ഥലംമാറ്റത്തിനായി കൊല്ലം ജില്ലാ ഗുണനിയന്ത്രണ കാര്യാലയത്തിലെ ലാബ് അസിസ്റ്റന്റ് ശ്രീ. സുനിൽകുമാർ റ്റി.എസ്. (പെൻ. 353405) അപേക്ഷിച്ചിരിക്കുന്നു.

മേൽപ്പറഞ്ഞ സാഹചര്യത്തിൽ, കൊല്ലം ജില്ലാ ഗുണനിയന്ത്രണ കാര്യാലയത്തിൽ ലാബ് അസിസ്റ്റന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ. സുനിൽകുമാർ റ്റി.എസ്. (പെൻ. 353405)-നെ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാലയിൽ പ്രവർത്തിച്ചുവരുന്ന പാൽ പരിശോധനാ ചെക്ക് പോസ്റ്റിലേക്ക് സ്ഥലംമാറ്റി ഉത്തരവാകുന്നു.

ടിയാനെ നിലവിലെ കാര്യാലയത്തിൽ നിന്നും നിയമാനുസൃതം വിടുതൽ ചെയ്യേണ്ടതും വിടുതൽ ചെയ്ത വിവരവും പുതിയ കാര്യാലയത്തിൽ ജോലിയിൽ പ്രവേശിച്ച വിവരവും ഒട്ടും കാലതാമസം കൂടാതെ ഈ കാര്യാലയത്തിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

Signed by
Supin V Kas
Date: 24-07-2024 12:46:57

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ K.A.S.

To:- ബന്ധപ്പെട്ട ജീവനക്കാരന് (ഓഫീസ് മേലധികാരി മുഖേന)

പകർപ്പ് :- 1) ഡെപ്യൂട്ടി ഡയറക്ടർമാർ (കൊല്ലം, തിരുവനന്തപുരം)

2) ഗുണനിയന്ത്രണ ഓഫീസർ, കൊല്ലം (ഡി.ഡി. മുഖേന)

3) ക്ഷീരവികസന ഓഫീസർ, പാറശ്ശാല പാൽ പരിശോധനാ ചെക്ക് പോസ്റ്റ്, തിരുവനന്തപുരം (ഡി.ഡി. മുഖേന)

4) ഡയറക്ടർ. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ മേശപ്പുറത്ത്.

5) ജോയിന്റ് ഡയറക്ടർമാർ (ജനറൽ, പ്ലാനിംഗ്)

6) ഡെപ്യൂട്ടി ഡയറക്ടർമാർ (ജനറൽ, പ്ലാനിംഗ്, എക്സ്റ്റൻഷൻ, ഐ.ടി. സെൽ)

7) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്.

8) ഇ സെക്ഷൻ സീനിയർ സൂപ്രണ്ട്.

9) ശ്രീമതി. ശ്രീത റ്റി., ഡെയറി ഫാം ഇൻസ്ട്രക്ടർ (വെബ്-സൈറ്റിൽ അപ്ഡേറ്റ് ചെയ്യുന്നതിനായി)

10) നോട്ടീസ് ബോർഡ്.

11) സഞ്ചയം.

12) ശേഖരസഞ്ചയം.